**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3489** **08-10-2025 - ൽ മറുപടിയ്ക്ക്**

**കൊരട്ടി വൈഗ ത്രെഡ്സ് കമ്പനി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൊരട്ടി വൈഗ ത്രെഡ്സ് കമ്പനിയുടെ സമാപ്തീകരണ നടപടികളുടെയും ഇത് സംബന്ധിച്ചുള്ള കോടതി വ്യവഹാരങ്ങളുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; | (എ) | കൊരട്ടി വൈഗ ത്രെഡ്സ് എന്ന സ്ഥാപനം അടച്ചു പൂട്ടിയതിന് ശേഷം തൊഴിലാളികളുടെ ക്ലെയിം വിചാരണ ചെയ്യുന്നതിന് ബഹു. കർണാടക ഹൈക്കോടതി ചുമതലപ്പെടുത്തിയ ഒഫിഷ്യൽ ലിക്വിഡേറ്റർക്കാണ് അധികാരമുള്ളത്. തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ലാത്തതിനാൽ ആയതിൽ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 20/03/2024 -ൽ കർണാടക ഒഫിഷ്യൽ ലിക്വിഡേറ്റർക്ക് ലേബർ കമ്മീഷണർ കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | സമാപ്തീകരണ നടപടികൾ വേഗത്തിലാക്കി തൊഴിലാളികൾക്ക് പുനരധിവാസവും നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 05/07/2017ന് ചേർന്ന യോഗത്തിൽ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുവാൻ തീരുമാനിച്ചിരുന്നു. ടി വിഷയത്തിൽ സ്ഥാപന പരിശോധനയും പ്രാദേശിക അന്വേഷണവും നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിൽ, 23/01/2013-ന് കമ്പനി ലോക്കൗട്ട് ചെയ്തതിനു ശേഷം ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാന പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളുടെ അഡ്വാൻസ് എന്ന നിലയിൽ 10,000/- രൂപ വീതം മുഴുവൻ തൊഴിലാളികൾക്കും മാനേജ്മെന്റ് വിതരണം ചെയ്യുകയും ബാക്കി തുക അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ തുകകൾ വർഷങ്ങൾക്കു മുമ്പുള്ള വേതന നിരക്കിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയതിനാൽ കുറഞ്ഞ തുകയാണ് ലഭിച്ചതെന്നും ഉയർന്ന നിരക്കിലുള്ള തുക ലഭിക്കണമെന്നുമായിരുന്നു തൊഴിലാളികളുടെ ആവശ്യം. |

05/07/2017 തീയതിയിലെ യോഗ തീരുമാന പ്രകാരം കമ്പനിയുടെ ക്ലോഷർ സമയത്ത് നിലവിലുണ്ടായിരുന്ന 196 തൊഴിലാളികളുടെ അധിക ആനുകൂല്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതിനാൽ മേൽ തൊഴിലാളികളെ സേവന കാലയളവ് കണക്കാക്കി നാല് വിഭാഗമാക്കിയുള്ള പ്രൊപ്പോസൽ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ സമർപ്പിക്കുകയും തുടർന്ന് തൊഴിലാളികൾ സംയുക്തമായി ബഹു. എറണാകുളം ലേബർ കോടതിയിൽ ഫയൽ ചെയ്ത സി.പി 41/2000, സി.പി 98/2005 ക്ലെയിം പെറ്റീഷനുകളിലെ വിധി പ്രകാരം നിശ്ചിത തൊഴിലാളികൾക്ക് നിശ്ചിത തുകകൾ ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ നൽകുവാനും അല്ലാത്തപക്ഷം ടി തുകകൾ പലിശ സഹിതം നൽകുവാനും ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷികൾക്ക് കാരണംകാണിക്കൽ നോട്ടീസ് നല്കിയിട്ടുണ്ടെങ്കിലും മേൽ നോട്ടീസ് Addressee left/abolished/closed എന്ന് രേഖപ്പെടുത്തി തിരികെ ലഭിച്ചിട്ടുള്ളതുമാണ്. സ്ഥാപനം അടച്ചുപൂട്ടിയതിനു ശേഷം തൊഴിലാളികളുടെ ക്ലെയിം വിചാരണ ചെയ്യുന്നതിനുള്ള അധികാരം ബഹു. കർണ്ണാടക ഹൈക്കോടതി നിയോഗിച്ചിട്ടുള്ള ഒഫിഷ്യൽ ലിക്വിഡേറ്റർക്ക് ആണ്. ബഹു. കർണ്ണാടക ഹൈക്കോടതി ഒഫിഷ്യൽ ലിക്വിഡേറ്ററുടെ 19/05/2023-ലെ കത്തിൽ കമ്പനിയുടെ ക്രെഡിറ്റേഴ്സും വർക്കേഴ്സുമായുണ്ടായിരുന്ന 190 അപേക്ഷകൾ പരിശോധിച്ച് അപേക്ഷകർക്ക് ക്ലെയിമുകൾ നൽകിയിട്ടുണ്ടെന്നും സി.പി 41/2000, സി.പി 98/2005 ക്ലെയിം പെറ്റീഷനുകൾ പ്രകാരം 43 ക്ലെയിമുകളിൽ 28 എണ്ണം തീർപ്പാക്കിയെന്നും ബാക്കി 15 എണ്ണം പുതുതായി നൽകിയിട്ടുള്ളതാണെന്നും ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ 15 ക്ലെയിമുകളിൽ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. തുടർന്ന് ടി വിഷയത്തിൽ തൃശ്ശൂർ ജില്ലാ ലേബർ ഓഫീസറുടെ റിപ്പോർട്ടിൻ പ്രകാരം, മേൽ ക്ലെയിം പെറ്റീഷനുകളിൽ അനുകൂല ഉത്തരവ് ലഭിച്ചവർക്ക് എതിർ കക്ഷിയിൽ നിന്നും തുക ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 41/2000, 98/2005 ക്ലെയിം പെറ്റീഷനുകളിലെ ക്ലെയിം തുക തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ലായെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹു. കർണ്ണാടക ഹൈക്കോടതി നിയോഗിച്ചിട്ടുള്ള ഒഫിഷ്യൽ

| | | | |
|---|---|---|---|
| | | | ലിക്വിഡേറ്റർക്ക് 20/03/2024 തീയതിയിൽ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ